PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting)—1970.

Thursday, 5th March 1970

Vol. XXVI] OFFICIAL REPORT [No. 19

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Thursday, March 5, 1970, with Mr. Speaker in the Chair.

I. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session)

(i) ORAL ANSWERS

സി. ആർ. പി. യെ പിൻവലിക്കണമെന്ന് മെമ്മോറാണ്ടം

* 139 (500) ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ
,, സി. കെ. ബാലകൃഷ്ണൻ
,, എസ്. ദോമോദരൻ
,, എം. കെ. കൃഷ്ണൻ
,, വി. വി. ദക്ഷിണാമൂർത്തി
,, വി. ശ്രീധരൻ
,, ടി. കെ. രാമകൃഷ്ണൻ
,, എ. എസ്. എൻ. നമ്പീശൻ
,, എ. വി. കുഞ്ഞാമ്പു
,, സി. ഗോവിന്ദപ്പണിക്കർ
,, പാലൊളി മുഹമ്മദുകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും സി. ആർ. പി. യെ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും പാർട്ടികളോ വ്യക്തികളോ ഗവൺമെൻറിന് മെമ്മോറാണ്ടം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ) സി. ആർ. പി. യെ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വ്യക്തികളിൽനിന്നും പാർട്ടികളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമസമാധാന പരിപാലനത്തിൽ സംസ്ഥാന പോലീസിനെ സഹായിക്കുന്നതിനാണ് സി. ആർ. പി. യെ ഉപയോഗിക്കുന്നത്. അവർക്ക് ഈ സഹായം ആവശ്യമുള്ളത്ര കാലത്തേക്കേ സി. ആർ. പി. യെ ഉപയോഗിക്കുകയുള്ളു.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഏതെല്ലാം പാർട്ടികളിൽനിന്നും വ്യക്തികളിൽനിന്നുമാണു നിവേദനം ലഭിച്ചിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് കൃത്യമായിട്ട് പറയാൻ ഒക്കുകയില്ല. കമ്മ്യൂണിസ്റ്റുപാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) പാർട്ടിയിൽനിന്ന് ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോഴും സി. ആർ. പി. യെ ഇവിടെ നിറുത്തിക്കൊണ്ടിരിക്കുന്നത് അവർ നടത്തിയിട്ടുള്ള മർദ്ദനത്തിന്റെ കോട്ടാ പൂർത്തീകരിക്കുന്നതിന് ആവശ്യമായുള്ള സമയം കൊടുക്കാൻവേണ്ടി നിറുത്തിയിരിക്കുകയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അല്ല. ഇതിന്റെ ഉത്തരം ഞാൻ പറഞ്ഞ രണ്ടാമത്തെ ഉത്തരത്തിൽ അടങ്ങിയിട്ടുണ്ട്. സ്ഥിതി കുറേക്കൂടി ഭേദപ്പെടുകയും സി. ആർ. പി. ആവശ്യമില്ലെന്നു തോന്നുകയും ചെയ്താൽ പിന്നെ സി. ആർ. പി. യെ ലോക്കൽ പോലീസിനെ സഹായിക്കാൻ ആവശ്യമില്ലെന്നുകണ്ടാൽ പിന്നെ ഇവിടെ നിറുത്തുകയില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ് സി. ആർ. പി. യുടെ അംഗസംഖ്യ എത്രത്തോളമായിരുന്നു. പുതുതായി എത്രയധികം ആളുകളെ നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അംഗസംഖ്യ സംബന്ധിച്ചുള്ള വിവരം വെളിപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ. എസ്. ദാമോദരൻ: സി. ആർ. പി. യെ നിയമിച്ചിട്ടുള്ളതുകൊണ്ടു ബഹുഭൂരിപക്ഷക്കാരായ തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും മറ്റു സാധാരണക്കാർക്കും സൈ്വരമായി ജീവിക്കാൻ സാധിക്കുന്നില്ലെന്നും മുതലാളിമാർക്കും ജൻമിമാർക്കുമാണ് അവരെക്കൊണ്ട് സഹായം ലഭിക്കുന്നതെന്നും ബഹുഭൂരിപക്ഷം ജനതയുടെയും സൈ്വരജീവിതം സി. ആർ. പി. തകർത്തുകൊണ്ടിരിക്കുകയാണെന്നുമുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതൊരു വസ്തുതയല്ല. വളരെയധികം ആളുകൾക്ക് അവരുടെ സൈ്വരജീവിതത്തിനുള്ള സൗകര്യം ലഭിക്കുകയാണ് ചെയ്തിട്ടുള്ളതെന്നാണ് ഗവൺമെൻറിന്റെ ബോദ്ധ്യം. സി. ആർ. പി. ക്ക് ഒറ്റയ്ക്ക് ഈ വകകാര്യങ്ങളിൽ ഒന്നും പ്രവർത്തിക്കാൻ അധികാരമില്ല. നമ്മുടെ പോലീസുദ്യോഗസ്ഥൻമാരുടെ നിയന്ത്രണത്തിലും അവരുടെ മാർഗ്ഗദർശനത്തിലും അവരുടെ ആജ്ഞ അനുസരിച്ചുള്ള നിർദ്ദേശങ്ങൾ മാത്രമേ ചെയ്യുവാനുള്ളു.

ശ്രീ. എം. കെ. കൃഷ്ണൻ: കൂടുതൽ സി. ആർ. പി. ക്കാർ ആവശ്യമാണെന്നു പറഞ്ഞുകൊണ്ട് കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നേരത്തെ പറഞ്ഞതുപോലെ സി. ആർ. പി. കൂടുതൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ പല തവണകളിലായിട്ട് കൂടുതൽ സി. ആർ. പി. യെ സംസ്ഥാനഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: ഇപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സി. ആർ. പി. ക്കു് കേരളത്തിലെ ഭാഷ മനസ്സിലാകാത്തതുകൊണ്ടു് ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചു് കോഴിക്കോടു് 'ബന്തുകരോ' എന്നു പറഞ്ഞിട്ടു് ആളുകൾക്കു് മനസ്സിലാകാതെ വന്നപ്പോൾ അവിടെയുള്ള കച്ചവടക്കാരെ നിർദ്ദയമായി മർദ്ദിച്ച വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുപോലെ പല സ്ഥലങ്ങളിലും കേരളത്തിലെ ഭാഷ സംസാരിക്കുമ്പോൾ ഒന്നും മനസ്സിലാലാകാതെ സി. ആർ. പി. ക്കാർ കണ്ടമാനം നിരപരാധികളും യാതൊരു പാർട്ടിയിൽപ്പെടാത്തവരുമായ ആളുകളെപ്പോലും മർദ്ദിച്ചതായ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഭാഷ സംബന്ധമായി ഇങ്ങനെയൊരു കുഴപ്പം ഉണ്ടായതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദ്യം പറഞ്ഞതുപോലെ നമ്മുടെ പോലീസുദ്യോഗസ്ഥൻമാരുടെ നിയന്ത്രണത്തിലാണ് അവരുടെ ആകർഷൻ നടക്കുന്നതെന്നുള്ളതുകൊണ്ടു് ഭാഷ സംബന്ധിച്ചുള്ള കുഴപ്പം ഉണ്ടായതായി വിചാരിക്കാൻ ന്യായമില്ല. നിരപരാധികളായ ആർക്കും സി. ആർ. പി. യുടെ ആകർഷനിടയിൽ ഒന്നും പറ്റിയിട്ടില്ലെന്നു തീർത്തു പറയാൻ നിവൃത്തിയില്ല. ഈ മാതിരി സംഭവങ്ങളുണ്ടാകുമ്പോൾ ചിലപ്പോൾ നിരപരാധികൾക്കും വല്ലതും സംഭവിച്ചുഎന്നുവരും.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഈ സി. ആർ. പി. ക്കാർ ഉൽസവ പറമ്പുകളും ആരാധനാസ്ഥലങ്ങളുമടക്കം കയറി ചെന്നു് ആളുകളെ മർദ്ദിച്ചതായ വിവരം ഈ ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ? ഇത്തരത്തിലുള്ള വിവരം ചില പത്രങ്ങളിൽ വന്നിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പത്രങ്ങളിൽവരുന്ന വിവരം ഗവൺമെൻറിനു കിട്ടാൻ ചില മാർഗ്ഗങ്ങളുണ്ട്. ആരാധനാ സ്ഥലങ്ങളിൽ സി. ആർ. പി. ക്കാർ കയറി എന്നു് ആക്ഷേപം ഉണ്ടായിരുന്നു. എന്നാൽ ആ ആരാധനാലയത്തിൻെറ പുരോഹിതൻ അതു നിഷേധിച്ചുകൊണ്ടു് മറെറാരു വാർത്ത പുറപ്പെടുവിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. വി. കുഞ്ഞമ്പു: ക്രമസമാധാനം പാലിക്കുന്നതിനു വേണ്ടിയാണു് സി. ആർ. പി. യെ ഇവിടെ നിറുത്തിയിട്ടുള്ളതെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇവിടെ ലോക്കൽ പോലീസുണ്ട്, എസ്. എ. പി. ഉണ്ട്, എം. എസ്. പി. ഉണ്ട്. ഇവിടത്തെ ക്രമസമാധാനം പാലിക്കുന്നതിനാവശ്യമായുള്ള പോലീസ് വിഭാഗം ധാരാളമുണ്ടായിരിക്കെ ഏറെറവുമധികം ദരിദ്രമായിട്ടുള്ള ഈ സ്റേറററിൻെറ പണം അനാവശ്യമായി ഉപയോഗിക്കത്തക്കവണ്ണം ഇത്രയുംവലിയ ഭാരം സാമ്പത്തികരംഗത്തും, ജനങ്ങളുടെ സമാധാനജീവിതത്തിനു് അങ്ങേയറ്റം ബുദ്ധിമുട്ടുമെല്ലാം ഉണ്ടാക്കുന്ന സി. ആർ. പി. യെ എന്തിനു് ഇവിടെ വച്ചുപൊറുപ്പിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതു സംഗതിയെ സംബന്ധിച്ചുള്ള വീക്ഷണവ്യത്യാസമാണ്. ലോക്കൽപോലീസ് മതിയായിരുന്നു എന്ന് ഇപ്പോഴും ആ ഭാഗത്തുള്ള ആളുകൾക്ക് അഭിപ്രായമുണ്ടായിരിക്കും. ആ അഭിപ്രായമല്ല ഗവൺമെൻറിനുള്ളത്. ക്രമസമാധാനം പരിപാലിക്കാൻ വേണ്ടി ആവശ്യമായ ഫോഴ്സ് കൊണ്ടുവരുകയും അവരെ ഉപയോഗിക്കേണ്ട സന്ദർഭത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നത് ഒരു ദുർവ്യയമാണെന്ന് ഗവൺമെൻറിനഭിപ്രായമില്ല.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: ക്രമസമാധാനപാലനത്തിനുകൊണ്ടുവന്നിട്ടുള്ള സി. ആർ. പി. യെ പിൻവലിക്കേണ്ടതിന് എത്ര ആളുകളെ കൊല നടത്തണമെന്നു പ്രത്യേക വല്ല കോട്ടായും ഉണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന് കോട്ടാ ഉണ്ടാകാൻ വഴിയില്ല. എത്ര കുത്തുകളും, എത്ര ബഹളങ്ങളും, എത്ര കൊലപാതകങ്ങളും, എത്ര ആസിഡ് ബോംബ് എറിയലുകളും ഉണ്ടാകുമെന്നു കണക്കുകൂട്ടിയാലേ പറയാൻ ഒക്കുകയുള്ളൂ.

ശ്രീ. എ. വി. കുഞ്ഞമ്പു: സി. ആർ. പി. യെ സ്റ്റേറ്റുകളിൽ നിറുത്താൻ പാടില്ലെന്ന് കേന്ദ്രപാർലമെൻറിൽ ഈ സ്റ്റേറ്റിലെ ഇന്നത്തെ ഭരണകക്ഷിയിലെ പ്രമുഖ ഘടകമായിട്ടുള്ള വലതു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ സഖാവ് ഭൂപേശ്ഗുപ്തയും അതുപോലെതന്നെ മുസ്ലീം ലീഗിലെ നേതാവായ ഇസ്മെയിലും പ്രതിഷേധം ഉന്നയിച്ചിരുന്നു. എന്നിട്ടും ഈ സ്റ്റേറ്റിൽമാത്രം നിർബന്ധമായും സി. ആർ. പി. യെ നിലനിറുത്തുന്നതിൻെറ അടിസ്ഥാനമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സി. ആർ. പി. യെ ഒരുകാരണവശാലും സ്റ്റേറ്റുകളിൽ നിറുത്താൻ പാടില്ലെന്നു മേൽ പറഞ്ഞ ബഹുമാനപ്പെട്ട മെമ്പർമാർ പാർലമെൻറിൽ പ്രതിഷേധിച്ചതായി എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നുമാത്രമല്ല സി. ആർ. പി. യെ സംബന്ധിച്ചിടത്തോളം എൻെറ ഓർമ്മ ശരിയാണെങ്കിൽ അവരെ സംബന്ധിക്കുന്ന പ്രവർത്തനങ്ങളും കേന്ദ്രഗവൺമെൻറ് ഇടപെട്ട് നടത്തുന്നതിനെയാണ് പ്രതിഷേധിച്ചിട്ടുള്ളത്. അല്ലാതെ സി. ആർ. പി. നമ്മുടെ ഗവൺമെൻറിൻെറ സഹായത്തിനുവേണ്ടി നമ്മുടെ നിയന്ത്രണത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിൽ പ്രതിഷേധം ഉണ്ടായിരുന്നില്ല. മുമ്പും സി. ആർ. പി. ഇവിടെ നിൽക്കുന്നതു കണ്ടിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: കേരളത്തിൽ നിലവിലുള്ള പോലീസ് പോരെന്നും കൂടുതൽ പോലീസിനെ നിയമിക്കണമെന്നും അതിനുവേണ്ട നിർദ്ദേശങ്ങൾ അയയ്ക്കണമെന്നും ഐ.ജി. യോട് മുൻമുഖ്യമന്ത്രി സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: നമ്മുടെ സ്റ്റേറ്റിലെ പോലീസ് സേന വളരെ കുറവാണെന്നും പോലീസ് സേന ശക്തിപ്പെടുത്തേണ്ടതാണെന്നും കാണിച്ചുകൊണ്ടു തുടർച്ചയായി മുൻമുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് കേന്ദ്രത്തിൽ എഴുതുകയും സംസാരിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്.

ഡാ. ജോർജ് തോമസ്: സി. ആർ. പി. യോടു പ്രത്യേകമായ എതിർപ്പു എന്താണ്; സി. ആർ. പി.യും കേരളാപോലീസും തമ്മിൽ എന്തു വ്യത്യാസമുണ്ടെന്നാണ് ഗവൺമെൻറിന് ബോധ്യമായിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എതിർപ്പ് എന്തുകൊണ്ടാണെന്ന് അറിയില്ല. എതിർപ്പു തോന്നിയ കാർട്ടറിൽ നിന്നും വേണം ഉത്തരം പറയേണ്ടത്. സി. ആർ. പി.യെസംബന്ധിച്ചിടത്തോളം ഒരു ഭയമാണ് ഇവിടെയുള്ളത്. സി. ആർ. പി. നടത്തിയെന്നു പറയുന്ന അക്രമങ്ങളിൽ പലതും സി. ആർ. പി. അല്ലാതെയുണ്ട്. അതുകൊണ്ട് സി. ആർ. പി. വരുന്നുവെന്ന ഭയത്തിൽനിന്നാണു പ്രധാനമായും ഇത് ഉണ്ടായിട്ടുള്ളത്. അല്ലെങ്കിൽ സി. ആർ. പി. ക്ക് എതിരായ പ്രചാരവേലചെയ്തു അവർക്ക് ചീത്തപേരുണ്ടാക്കാനുള്ള ശ്രമം ആയിരിക്കും.

സി. ആർ. പി.യും ലോക്കൽ പോലീസും തമ്മിൽ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമൊന്നും കാണാൻ കഴിയുകയില്ല. മാർജ്ജാരനും പൂച്ചയും തമ്മിലുള്ള വ്യത്യാസമേയുള്ളു.

ശ്രീ. കെ. കരുണാകരൻ: സ്റ്റേറ്റിൽ നിയമസമാധാനപാലനത്തിന് നിലവിലുള്ള പോലീസ് സേന പോരാത്തതുകൊണ്ടാണ് മുൻമുഖ്യമന്ത്രി ഇങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ സന്ദർഭത്തിൽ ഇന്നത്തെ സാമ്പത്തിക നില പരിഗണിച്ചുകൊണ്ട് സംസ്ഥാനപോലീസിന്റെ നിയന്ത്രണത്തിൻ കീഴിൽ സി. ആർ. പി. യെ തുടർന്നു നിലനിറുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്റെ ഉത്തരത്തിന്റെ ആദ്യം പറഞ്ഞിട്ടുള്ളതു നിയമസമാധാനപാലനത്തെസംബന്ധിച്ചിടത്തോളം ലോക്കൽ പോലീസിനെ സഹായിക്കാൻ സി. ആർ. പി. യെ തുടർന്നു നിലനിറുത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം എന്നുള്ളതാണ്. അതിൽ നിന്നും പിൻതിരിയാൻ ഈ പ്രചാരവേലകൊണ്ടൊന്നും ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഇ. ജോൺജേക്കബ്: മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാക്കൻമാരായ ശ്രീ. എ. കെ. ഗോപാലനും പ്രതിപക്ഷനേതാവായ ഇ. എം. എസ്. നമ്പൂതിരിപ്പാടിനും ഈ രാജ്യത്തെ മാർക്സിസ്റ്റേതരരായ ജനങ്ങളോടും ഈ ഗവൺമെന്റിനോടും ഉള്ള സമീപനത്തിന്റെ ഫലമായിട്ടു മാത്രമല്ലേ സി. ആർ. പി. യെ ഇവിടെ കൊണ്ടുവരാനിടയായിട്ടുള്ളത്. ആ സമീപനത്തിന് ഒരു വ്യത്യാസം വന്നാൽ തീർച്ചയായും ഇന്നത്തെ സാഹചര്യം മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കുകയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഇത് ഇൻസിനുവേഷൻ മാത്രമല്ല, ഇക്കാര്യത്തെസംബന്ധിച്ച് ഇംപ്യൂട്ട് ചെയ്യുകയും ആണ്. അതുകൊണ്ട് ഈ ചോദ്യം പാടില്ലാത്തതാണ്.

ശ്രീ. ഇ. ജോൺജേക്കബ്: ഞാൻ പറഞ്ഞത് ഒരു പാർട്ടി.....

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളുടെ പാർട്ടിയെപ്പറ്റി പറയാനുള്ള കുത്തക കൊടുത്തിട്ടില്ല.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട ജോൺജേക്കബ് ചോദ്യം ഒന്നുകൂടി ചോദിക്കണം. ഞാൻ കേട്ടില്ല.

ശ്രീ. ഇ. ജോൺജേക്കബ്: മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിക്കും ഈ ഗവൺമെന്റിനോടും മാർക്സിസ്റ്റേതരരായ ഈ രാജ്യത്തെ ജനങ്ങളോടും ഉള്ള സമീപനംകൊണ്ടുമാത്രമല്ലേ സി. ആർ. പി. യെ വരുത്താനിടയായിട്ടു

ള്ളത്, അവരുടെ സമീപനത്തിൽ മാറ്റം വന്നാൽ ഈ ഗവൺമെൻറിന്റെ സമീപനത്തിലും മാറ്റംവരുത്താൻ കഴിയുകയില്ലേ?——

Mr. Speaker: That is all right. ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞുവെന്നു വിചാരിച്ച് തെറ്റില്ല. മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഭരണകാലത്താണ് സി. ആർ. പി. ആദ്യമായിട്ട് വന്നിട്ടുള്ളതെന്നുള്ളതുകൊണ്ട് പറയുന്നതിൽ തെറ്റില്ല. പിന്നെ നല്ല ഭരണമാണോ ചീത്തഭരണമാണോയെന്നുള്ളതും സി. ആർ. പി. വേണമോ വേണ്ടായിരുന്നോ എന്നുള്ളതും അഭിപ്രായവ്യത്യാസമുള്ള കാര്യമാണ്. ഗവൺമെൻറ് അതിനുത്തരം പറഞ്ഞേതീരൂ എന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങളുടെ പാർട്ടിയുടെ സമീപനം മാറി എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതിന്റെയെല്ലാം അടിസ്ഥാനപരമായ കാരണങ്ങളും എന്തായാലും ആഭ്യന്തരകാര്യമന്ത്രിയെന്നുള്ള നിലയിൽ എനിക്കു പറയാനുള്ളത് നിയമസമാധാനപരിപാലനത്തിനു വേണ്ടിയാണ് സി. ആർ. പി. യെ വരുത്തിയതെന്നുള്ളതാണ്. മാറ്റുവാദപ്രതിവാദങ്ങളെല്ലാം രാഷ്ട്രീയമണ്ഡലത്തിൽ ചെയ്തുകൊള്ളണം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ സി. ആർ. പി. യെന്നു പറയുന്നതു നമ്മുടെ നാട്ടിലെ സാധാരണമനുഷ്യരെപ്പോലെയല്ലേ? അതൊ വേറെ വല്ല ആളുകളുമാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചാഴിക്കാടനും സി. ആർ. പി.യെ ഒന്നു കാണിച്ചുകൊടുക്കണം.

പന്തളം ശ്രീ. പി. ആർ. മാധവൻപിള്ള: ഈ സി. ആർ. പി.യിൽ നല്ല ഒരു ശതമാനം മലയാളികളില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവരുടെ കൂട്ടത്തിൽ മലയാളികളുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീ. ഇ. അഹമ്മദ്: സി. ആർ. പി.യെ ഉപയോഗിക്കുന്ന കാര്യത്തിൽ മുൻഗവൺമെൻറിന്റെ നയത്തിൽനിന്നു വല്ല വ്യതിയാനവും ഈ ഗവൺമെൻറ് വരുത്തിയിട്ടുണ്ടോ? ലോക്കൽ പോലീസിന്റെ നിയന്ത്രണത്തിനു വിധേയമായി മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ എന്ന് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെൻറ് ആവിഷ്ക്കരിച്ച നയത്തിൽനിന്ന് വല്ല വ്യതിയാനവും വന്നിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ഒരു പ്രത്യേക ചോദ്യം ചോദിക്കാതെ തന്നെ നയമെന്താണെന്ന് പറഞ്ഞിട്ടുള്ളതിൽ നിന്ന് ബഹുമാനപ്പെട്ട മെമ്പർക്കു മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി സംസ്ഥാനപോലീസ് ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണത്തിനു വിധേയരായി മാത്രമേ സി. ആർ. പി. പ്രവർത്തിക്കുന്നുള്ളുവെന്ന്. എന്നാൽ സംസ്ഥാനപോലീസ് ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങളെ ധിക്കരിച്ചുകൊണ്ട് സി. ആർ. പി. മർദ്ദനം നടത്തിയിട്ടുണ്ടെന്നു മർദ്ദനത്തിനു വിധേയനായ ശ്രീ. എ. എസ്. എൻ. നമ്പീശൻ തന്നെ അദ്ദേഹത്തിന്റെ പ്രസ്താ

LIBRARY ARCHIVES Kerala Legislative Assembly

വനയിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് സി. ആർ. പി. യുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ ഗവൺമെൻറിൻെറ നയമാണ് പറഞ്ഞിട്ടുള്ളത്. എന്നുവച്ച് ഇത്രയും അധികം ആളുകളുള്ള ഒരു ഫോഴ്സിൽ ഒന്നോ രണ്ടോ ആളുകൾ തെറ്റു പ്രവർത്തിച്ചോ ഇല്ലയോയെന്നു ധൈര്യമായി പറയാൻ കഴിയുകയില്ല. സി. ആർ. പി. യും പോലീസുമെല്ലാം നമ്മുടെ നാട്ടിൽനിന്ന് എടുത്തു പരിശീലനം നേടുന്നവരാണ്. ഇവിടെ രാഷ്ട്രീയനേതാക്കൻമാരെല്ലാം ഉണ്ട്. അതിൽ ചില ആളുകൾക്ക് പാകപ്പിഴകളില്ലേ? അതുപോലെ ഒരു വേള പോലീസുകാരുടെ ഇടയിലും പാകപ്പിഴകൾ കാണും. ശ്രീ. നമ്പീശൻെറ മേൽ ആക്രമണം എന്നുണ്ടായി എന്നാരോപണം കിട്ടിയയുടനെ തന്നെ അതു ഗൗരവമുള്ള ഒരു സംഗതിയാണെന്ന് മനസ്സിലാക്കി അതിനെസംബന്ധിച്ച് ഒരന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ആ അന്വേഷണത്തിൻെറ ഫലം പുറത്തുവരുമ്പോൾ സി. ആർ. പി. ലോക്കൽ ഉദ്യോഗസ്ഥൻമാരെ ധിക്കരിച്ചുകൊണ്ടാണു മർദ്ദിച്ചിട്ടുള്ളത്, എന്നു തെളിയുകയാണെങ്കിലും അതല്ല ലോക്കൽ ഉദ്യോഗസ്ഥൻമാർ കർത്തവ്യനിർവ്വഹണം വേണ്ടതുപോലെ ചെയ്തിട്ടില്ലെന്നു തെളിയുകയാണെങ്കിൽ അവരുടെ മേലിലും നിശ്ചയമായും ഗവൺമെൻറു നടപടി എടുക്കും. ഇക്കാര്യത്തിൽ എനിക്ക് അനൽപ്പമായ ഖേദവും വളരെയധികം പരിതാപവുമുണ്ടെങ്കിലും അന്വേഷണ ഉത്തരവു ഇട്ടുപോയ സ്ഥിതിക്ക് അന്വേഷണത്തിൻെറ ഫലം അറിഞ്ഞതിനു ശേഷമേ ഞാൻ ഇതിനെ സംബന്ധിച്ചു ഒരു നിഗമനത്തിൽ എത്തിച്ചേരുകയുള്ളു.

ശ്രീ. എ. പി. കുര്യൻ: സംസ്ഥാനത്ത് സി. ആർ. പി.യുടെ അംഗസംഖ്യ എത്രയുണ്ടെന്നു വെളിപ്പെടുത്താൻ നിർവ്വാഹമില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ കഴിഞ്ഞ ആഴ്ച പാർലമെൻറിൽ ഇതേകാര്യത്തെസംബന്ധിച്ച് ഒരു സംസ്ഥാന എം. പി. ഉന്നയിച്ച ചോദ്യത്തിന് കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി വളരെ വിശദമായി സി. ആർ. പി. യുടെ എണ്ണവും അടുത്ത കാലത്ത് സ്റേറററുഗവൺമെൻറിൻെറ ആവശ്യത്തിന് കൊടുത്തതിൻെറ എണ്ണവും പറഞ്ഞു. ഉദ്ദേശം പതിമൂന്നു ഡിവിഷനുണ്ടെന്നും അടുത്തകാലത്ത് മൂന്നു ഡിവിഷൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉള്ളത് ശരിയാണോ? പാർലമെൻറിൽ ഈ വിവരം വെളിപ്പെടുത്താമെങ്കിൽ എന്തുകൊണ്ട് ഈ നിയമസഭയിൽ വെളിപ്പെടുത്തിക്കൂടാ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചോദ്യത്തിനുത്തരം പറയുന്നത് ഇന്നമാതിരിയായികൊള്ളണമെന്ന്—പാർലമെൻറിൽ പറയുന്നതുപോലെ ഇവിടെയും പറയണമെന്നുള്ളത്—ഒരു അണ്ടർസ്റാൻഡിംഗില്ല. ഉപചോദ്യങ്ങൾക്ക് മന്ത്രിയുടെ അക്കാര്യത്തിലുള്ള അഭിപ്രായമാണ് ഇതിനെസംബന്ധിച്ചിടത്തോളം ആധാരമായിട്ടുള്ളത്. എൻെറ അഭിപ്രായം ഇത്ര പോലീസുകാരുണ്ട് ഇത്ര കമ്പനിയുണ്ട് എന്നെല്ലാമുള്ള വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നത് പൊതുതാൽപര്യങ്ങൾക്ക് നിരക്കുന്നതായിരിക്കുകയില്ല എന്നുള്ളതാണ്.

ശ്രീ. കെ. കരുണാകരൻ: കേരളത്തിൽനിന്നു സി. ആർ. പി. വിഭാഗത്തിലേക്ക് മലയാളികളെ മുൻപ് അയച്ചിട്ടില്ലേ? മലയാളം അറിയാവുന്ന സി. ആർ. പി. ഡിവിഷനെ കേരളത്തിലേക്ക് അലോട്ടുചെയ്യണമെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതൊരു നിർദ്ദേശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പഞ്ചാബ് മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഗുർണ്ണാംസിംഗ് പഞ്ചാബിലേക്ക് സി. ആർ. പി. യെ നിയോഗിച്ചപ്പോൾ അതിൽ പ്രതിഷേധിച്ചുകൊണ്ട് സി. ആർ. പി. ഗൗരവാവഹമായ അട്രോസിറ്റീസ് കമ്മിറ്റു ചെയ്യുന്ന ആളുകളാണെന്നും അവരെ മിലിട്ടറിയുടെ ഒരു രണ്ടാം നിരയെന്നുമാത്രമേ കണക്കാക്കാൻ നിവൃത്തിയുള്ളുവെന്നും സിവിൽ ഡിഫൻസിന് ഉപയോഗിക്കാൻ പറ്റുകയില്ലെന്നും ചൂണ്ടിക്കാണിച്ച് പ്രസ്താവനയിറക്കിയിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ഗുർണ്ണാംസിംഗിന്റെ അഭിപ്രായമാണ്. ഈ കാര്യത്തിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെയും എന്റെയും അഭിപ്രായം അതിൽനിന്നും വ്യത്യസ്തമാണ്.

ശ്രീ. കെ. കെ. അബു: ഒരു യുദ്ധകാലപരിതഃസ്ഥിതിയിൽ എല്ലാ രാജ്യങ്ങളും ഒന്നും പറയാതിരിക്കുന്നതുപോലെ സി. ആർ. പി. യെ സംബന്ധിച്ചു ആകാശവാണി പതിമൂന്നു കുപ്പിണിഉണ്ടെന്നും മറ്റും പറഞ്ഞിട്ടുണ്ട്; ഇതിലെന്തു രഹസ്യമാണുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പറയാൻ പാടില്ലാത്തതാണോ അല്ലയോയെന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ട്. എന്റെ അഭിപ്രായത്തിൽ ഇതു പറയാൻ പാടില്ലാത്ത സംഗതിയാണ്. ആകാശവാണിയിൽനിന്നും പറഞ്ഞത് സെൻട്രൽ ഗവൺമെൻറിന്റെ അഭിപ്രായമായിരിക്കും. അവർ എത്ര കുപ്പിണിയുണ്ടെന്നു പറയണമെന്നുള്ള അഭിപ്രായക്കാരായിരിക്കും. അവരുടെ അഭിപ്രായം ഞാൻ സ്വീകരിച്ചുകൊള്ളണമെന്നു ബഹുമാനപ്പെട്ട അബു നിർബന്ധിക്കാൻ പാടില്ല. എനിക്കു നിർബന്ധിക്കാൻ കഴിയുമായിരുന്നെങ്കിൽ കേന്ദ്രവും ഇതുപറയരുതെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: സംസ്ഥാനഗവൺമെൻറുകളുടെ അഭിപ്രായപ്രകാരമല്ലാതെ ഒരു സംസ്ഥാനത്തിലേക്കും സി. ആർ. പി. യെ അയയ്ക്കരുതെന്നു ഭൂപേശ്ഗുപ്ത തുടങ്ങിയ പ്രതിപക്ഷാംഗങ്ങൾ വാദിച്ചിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയാണു എന്റെ ഓർമ്മയെന്നു ചോദ്യോത്തരത്തിന്റെ നേരത്തെയുള്ള ഒരു ഘട്ടത്തിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ഇന്നത്തെ സ്റ്റേറ്റിന്റെ ക്രമസമാധാനനില പരിഗണിക്കുമ്പോൾ കൂടുതൽ സി. ആർ. പി. ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അടുത്തദിവസങ്ങളിൽ ക്രമസമാധാനം നല്ല നിലയിലാണെന്ന അഭിപ്രായം ഗവൺമെൻറിനില്ല. അതുകൊണ്ട് അതിനെപ്പറ്റി പറയാൻ കഴിയുകയില്ല.

ശ്രീ. കെ. എം. മാണി: ഇൻഡ്യയിൽ കേരളത്തിൽമാത്രമേ സി. ആർ. പി. യെ നിറുത്തിയിട്ടുള്ളോ, മറ്റുസംസ്ഥാനങ്ങളിൽ ബംഗാളിലും സി. ആർ. പി. യെ നിറുത്തിയിട്ടില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു എനിക്കു പറയാൻ പറ്റുകയില്ല. കേരളത്തിലെകാര്യംമാത്രമേ എനിക്കു മനസ്സിലാക്കാൻ സാധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളൂ. സെൻട്രൽ റിസർവ്വു പോലീസാണല്ലോ; അപ്പോഴും മറ്റു സംസ്ഥാനങ്ങളിലും കാണുമെന്നാണു ഗവൺമെൻറു കരുതുന്നത്.

ശ്രീ. കെ. ഐ. രാജൻ: കോട്ടയം ജില്ലയിൽ സി. ആർ. പി. യുടെ സഹായംകൂടാതെ ക്രമസമാധാനംഭംഗിയായി കൈകാര്യം ചെയ്യാൻ അവിടത്തെ പോലീസുകാർക്കു കഴിയുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ കോട്ടയംജില്ലയിൽ സി. ആർ. പി. യുടെ സഹായംകൂടാതെ ക്രമസമാധാനം പാലിക്കാൻകഴിയുന്ന പോലീസുദ്യോഗസ്ഥൻമാരുടെ അഭിപ്രായവും കൂടി കണക്കിലെടുത്തുകൊണ്ടു മറ്റു ജില്ലകളിലുള്ള സി. ആർ. പി. യെയും പിൻവലിക്കാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കോട്ടയംജില്ലയിലെ പോലീസുദ്യോഗസ്ഥൻമാരുടെ വക്താവെന്നനിലയിൽ ശ്രീമാൻ രാജൻ പറഞ്ഞ അഭിപ്രായം തന്നെയാണോ അവിടത്തെ പോലീസുദ്യോഗസ്ഥൻമാർക്കുള്ളതെന്നറിഞ്ഞുകൂടാ. ഇതു പോലീസുദ്യോഗസ്ഥൻമാർ തീരുമാനിക്കാനുള്ള കാര്യവുമല്ല. ഏതായാലും ഇതു സംബന്ധിച്ചുള്ള ഒരു തെറ്റിദ്ധാരണ നീക്കാൻ എനിക്കാഗ്രഹമുണ്ട്. സി. ആർ. പി. യെ ആവശ്യമില്ലാതെ ഉപയോഗിക്കാനോ നിറുത്താനോ ഉദ്ദേശമില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇ. എം. എസ്. ൻെറ നയം തന്നെയാണ് ഈ ഗവൺമെൻറിനുള്ളതെന്നു മന്ത്രി പറയുകയുണ്ടായി. ആ നയമല്ലെന്നുള്ളതിനു തെളിവെന്താണെന്നുവച്ചാൽ കേന്ദ്രഗവൺമെൻറു ജീവനക്കാരുടെ പണിമുടക്കുകാലത്തു സംസ്ഥാനത്തിൻെറ സമ്മതംകൂടാതെ ഇവിടെ അയച്ച സി. ആർ. പി. യോടു വടി കൈകൊണ്ടുവച്ചുനടക്കണമെന്നു ശ്രീമാൻ ഇ. എം. എസ്. പറഞ്ഞതിനെ ഇൻഡ്യയാകെ അഭിനന്ദിക്കുകയുണ്ടായി. ഇപ്പോഴാണെങ്കിലോ സി. ആർ. പി. യെ കണ്ടമാനം അഴിച്ചുവിട്ടിരിക്കുകയാണ്. അപ്പോഴും ഇത് ഇ. എം. എസ്സിൻെറ നയമാണെന്നു പറയുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നയത്തെസംബന്ധിച്ചു ഞാൻ പറഞ്ഞതു ശ്രീമാൻ ഇമ്പിച്ചിബാവ കേട്ടില്ല. സി. ആർ. പി. യെ സംസ്ഥാനത്തു നിറുത്തരുതെന്നു ഇ. എം. എസ്സിനു നിർബന്ധവും അങ്ങനെ ഒരു നയവും ഇല്ലായിരുന്നു. ഇന്ദിരാഗാന്ധിയുടെ സന്ദർശനാവസരത്തിലും മലപ്പുറത്തു ക്രമസമാധാനനില മോശമായപ്പോഴും സി. ആർ. പി യെ ഉപയോഗിച്ചിട്ടുണ്ട്. ശ്രീമാൻ ഇമ്പിച്ചിബാവ പറഞ്ഞ സംഗതി, നമ്മുടെ ഗവൺമെൻറിൻെറ സമ്മതംകൂടതെ കേന്ദ്രഗവൺമെൻറിൻെറ ആജ്ഞയ്ക്കു വിധേയമായി ഇവിടെ വന്ന സി. ആർ. പി. യെ ശ്രീമാൻ ഇ. എം. എസ്. വടികൈകൊണ്ടുവയ്ക്കാൻ പറഞ്ഞുവെന്നാണ് ആലങ്കാരികമായി പറഞ്ഞത്. സി. ആർ. പി. യെ തിരിച്ചയക്കണം, ആവശ്യമില്ലെന്ന നിലപാടു മുൻമുഖ്യമന്ത്രി സ്വീകരിച്ചിരുന്നതായി എനിക്ക് അറിവില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഈ സി. ആർ. പി. യെ ക്രമഭംഗിയായി മർദ്ദിക്കാൻ നമ്മുടെ പോലീസിനു കഴിവുള്ളപ്പോൾ ഇവരെ എത്രയുംവേഗം പിൻവലിക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. മി. സ്പീക്കർ: അതിനു ഉത്തരം പറയണ്ട.

ശ്രീ. ഇ. ജോൺജേക്കബ്: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാവായ ജ്യോതിബാസു ഹോം മിനിസ്റ്ററായിട്ടിരിക്കുന്ന ബംഗാളിൽ

LIBRARY ARCHIVES Kerala Legislative Assembly

സി. ആർ. പി. യെ മാത്രമല്ല പട്ടാളത്തെ വരുത്തുകയും അവരെക്കൊണ്ടു ജനങ്ങളെ മർദ്ദിക്കുകയും ചെയ്യുകയാണെന്നുള്ള വിവരം ഈ ഗവൺമെന്റി നറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബംഗാളിലെ ക്രമസമാധാനനിലയും ഇവിടത്തെ ക്രമസമാധാനനിലയും തമ്മിൽ താരതമ്യപ്പെടുത്താൻ പറ്റുക യില്ല. അവിടെ ക്രമസമാധാന നില വളരെ മോശമാണ്.

ശ്രീ. എം. കെ. എ. ഹമീദ്: സി. ആർ. പി. ക്കാർ ക്രമരഹിതമായി പ്രവർത്തിച്ചാൽ അവരുടെമേൽ എന്തെങ്കിലും നടപടിയെടുക്കാൻ ഈ ഗവൺ മെന്റിന് അധികാരമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നടപടിക്രമത്തെസംബന്ധിച്ച് എനിക്ക് അറിവില്ല. ക്രമരഹിതമായി പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടിയെടുക്കാൻ തീർച്ചായിട്ടും സാധിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു സി. ആർ. പി. യെ. പിൻവലിക്കണമെന്നു പറയുന്നതു സി. ആർ. പി. യെപ്പറ്റിയുള്ള ഭയംകൊണ്ടാണെന്ന്. സി. ആർ. പി. യെ ഭയപ്പെടത്തക്കനില യിൽ അത്ര ഭയജനകമായ നിലയിലാണ് അവർ പ്രവർത്തിക്കുന്നതെന്നറി യാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സി. ആർ. പി. യുടെയും പോലീ സിന്റെയും പ്രവർത്തനത്തെപ്പറ്റി ജനങ്ങളിൽ ഭീതി വളർത്തത്തക്ക നിലയിൽ ചില ആളുകൾ പ്രചാരവേലചെയ്യാൻ പരിശ്രമിക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഇതു കേരളത്തിൽ മാത്രമല്ല, വടക്കു പഞ്ചാ ബിലെ മുഖ്യമന്ത്രിവരെയുള്ളവർ അഭിപ്രായം പറഞ്ഞത് സി. ആർ. പി. യുടെ പ്രവർത്തനത്തിലുള്ള ദോഷംകൊണ്ടല്ല, സി. ആർ. പി. യുടെ ക്രൂര മായ നടപടികൾ കൊണ്ടല്ല, അവരുടെ ദോഷത്വംകൊണ്ടാണെന്നാണോ മന സ്സിലാക്കേണ്ടത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ചില ആളുകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എന്തായാലും സി. ആർ. പിക്കാർ വെറും ക്രൂരജന്തുക്കളാണെന്ന അഭിപ്രായത്തോടു യോജിക്കാൻ നിവൃത്തിയില്ല. അഥവാ അവർ അങ്ങനെ വല്ല ക്രൂരതകളും കാണിക്കുന്നവരാണെങ്കിൽക്കൂടി ലോക്കൽപോലീസിനെ സഹായിക്കാൻവേണ്ടി യാണ് അവരെ ഉപയോഗിക്കുന്നത്. സി. ആർ. പി. അടിച്ചു എന്നു പറഞ്ഞു ആരോപണമുണ്ടായിട്ടുള്ളതിൽ പല സംഭവങ്ങളും ലോക്കൽ പോലീ സിന്റെ ഭാഗത്തുനിന്നും ഉള്ള ഇടപെടൽ മൂലം ഉണ്ടായസംഭവങ്ങളാണ്.

റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ

* 140 [501] ശ്രീ. കെ. ടി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടികളിൽ ചില പ്രത്യേക രാഷ്ട്രീയ പാർട്ടികൾക്കുമാത്രം പ്രാതിനിധ്യം നൽകി സംഘ ടിപ്പിക്കപ്പെട്ടിട്ടുള്ളതാണെന്നു ഗവൺമെന്റിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly